


# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 8 Issue 12 December 2022



# സകലജനത്തിനും വേണ്ടിയുള്ള സദ്വാർത്ത

പ്രിയ ജൂബിലി കുടുംബാംഗങ്ങളെ,

അങ്ങനെ വീണ്ടും ഡിസംബർ വന്നെത്തി. ഡിസംബർ എന്ന് കേൾക്കുമ്പോൾ തന്നെ നല്ല ചിന്തകൾ അതോടൊപ്പം കടന്നു വരുന്നു. മഞ്ഞിന്റെ കുളിരും വൃശ്ചിക കാറ്റിന്റെ തലോടലും നല്ല അനുഭവത്തിലേക്ക്, ഓർമ്മകളിലേക്ക് നമ്മെ നയിക്കുന്നു. ഡിസംബർ മാസം ജൂബിലിയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള മാസമാണ്. ഡിസംബർ എട്ടിന് ജൂബിലി അമ്മ യുടെ, പരിശുദ്ധ അമ്മയുടെ അമലോൽഭവ തിരുനാൾ ആചരി ക്കുകയാണ്. പരിശുദ്ധ അമ്മയുടെ മാതൃകയും മദ്ധ്യസ്ഥതയും നമുക്ക് താങ്ങും തണലും ആകട്ടെ.

ഡിസംബറിന്റെ മറ്റൊരു പ്രത്യേകത നമ്മുടെ ആതുരാല യത്തിന്റെ ജന്മദിനം ആഘോഷിക്കുന്ന മാസം കൂടിയാണ് ഡി സംബർ 17. അന്നാണ് തൃശ്ശൂർ മെത്രാൻ ആലപ്പാട്ട് പിതാവിന്റെ ജൂബിലിയുടെ സ്മരണാർത്ഥം മോൺ. മാത്യു മുരിങ്ങാത്തേരി യുടെ നേതൃത്വത്തിൽ നമ്മൾ ജൂബിലി മിഷൻ ആശുപത്രി ആരം ഭിച്ചത്. 72-ാമത് ജന്മദിനം ആഘോഷിക്കുന്ന നമ്മുടെ ആതുരാല യത്തിന്റെ വളർച്ചയിൽ നമുക്ക് അഭിമാനിക്കാം. ജൂബിലിയെപ്പറ്റി പറയുന്ന നല്ല കാര്യങ്ങളെയും ഓർത്ത് സന്തോഷിക്കാം. മോൺ. മുരിങ്ങാത്തേരി അച്ചന്റെ തിരുപ്പട്ട ദിവസവും അച്ചന്റെ മരണ ദിവസവും ഡിസംബർ 17-ന് ആണ്. നമുക്ക് മുരിങ്ങാത്തേരി

അച്ചനെ നന്ദിയോട് കൂടി ഓർക്കാം. അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കാം. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ സന്നിധിയിൽ നമുക്കു വേണ്ടി, നമ്മുടെ സ്ഥാപനത്തിന് വേണ്ടി മധ്യസ്ഥത വഹിക്കുന്നു എന്ന് വിശ്വസിക്കാം. ജൂബിലി 71 വർഷം നിലനിന്നിട്ടുണ്ടെങ്കിൽ അതിനുവേണ്ടി അധ്വാനിച്ച അനേകരുണ്ട്. നിസ്വാർത്ഥമായി ത്യാഗപൂർവ്വം ജീവിതം പോലും ജൂബിലിക്കായി അർപ്പിച്ചവർ ഏറെയാണ്. മുരിങ്ങാത്തേരി അച്ചനും കാക്കശ്ശേരി അച്ചനും ആലപ്പാട്ട് അച്ചനും വടക്കൻ അച്ചനും പള്ളിക്കുന്നത്ത് അച്ചനും അവരുടെ കീഴിൽ സേവനമനുഷ്ഠിച്ച മറ്റു വൈദികരും സിസ്റ്റേഴ്സും സ്റ്റാഫും ജൂബിലിക്കായി സ്വയം ത്യജിച്ചവരും ത്യാഗം ചെയ്തവരുമാണ്.

ഡിസംബർ മാസം എന്ന് പറയുമ്പോൾ ആദ്യം ഓർമ്മവരുന്നത് തിരുപ്പിറവിയുടെ തിരുന്നാളാണ്. ജാതിമതഭേദമന്യേ ക്രിസ്തുമസ് ഒരു നല്ല അനുഭവം പകർന്നുതരുന്ന ഒരു സുദിന



മാണ്. തിരുപ്പിറവി തരുന്ന സന്ദേശം നമുക്ക് ഏറ്റുവാങ്ങാം. പരി. അമ്മയെപോലെ ദൈവപുത്രനെ ഹൃദയത്തിലും ഉദരത്തിലും ഏറ്റുവാങ്ങി, വളരുവാൻ അനുവദിക്കാം. നമ്മുടെ ജീവിതസാക്ഷ്യത്തിലൂടെ മറ്റുള്ളവർക്കു പ്രദാനം ചെയ്യാം. ഉണ്ണിയേശു നമ്മുടെ ഉള്ളിൽ എന്നും ഉണ്ടാകട്ടെ. ഉള്ളിലുള്ള ഉണ്ണിയേശുവിനെ പകർന്നു

കൊടുക്കുന്ന ജീവിതങ്ങ ളാകട്ടെ നമ്മുടേത്.



ബെത്‌ലഹെമിലെ തിരുപ്പിറവിയുടെ ബസിലിക്കയുടെ കവാടം അത് താഴ്ത്തിയാണ് പണിതിരിക്കുന്നത്. ഒന്നു കുനിയാതെ അകത്തേക്ക് പ്രവേശിക്കാൻ സാധ്യമല്ല. അതിന് രണ്ട് കാരണങ്ങൾ അവർ പറയുന്നുണ്ട്. ഒന്ന്, അത് പണിയുന്ന കാലത്ത് അവിടെ അലഞ്ഞുനടന്നിരുന്ന ഒട്ടകങ്ങൾ അതിലേക്ക് പ്രവേശിക്കാതിരിക്കാനും രണ്ട്, കുനിഞ്ഞ് എളിമപ്പെട്ട് അകത്തേക്ക് പ്രവേശിക്കുന്നവർക്കാണ് ഉണ്ണിയേശുവിനെ കാണുവാൻ സാധിക്കുക എന്ന സന്ദേശവും നൽകുവാനാണത്. ബെത്‌ലഹെമിലെ പുൽക്കൂട്ടിലെ കുഞ്ഞിപ്പൈതലിൽ ദൈവപുത്രനെ കണ്ട ആട്ടിടയന്മാരോടും പൂജരാജാക്കന്മാരോടും ഒപ്പം നമുക്കും ദൈവത്തെ കണ്ടെത്താം. ക്രിസ്മസ് സന്ദേശം ജീവിതത്തിൽ പകർത്താനും എല്ലാ ദിവസവും ക്രിസ്തുമസ് നമ്മുടെ ജീവിതത്തിൽ ഉണ്ടാകാനും നമുക്ക് ദൈവാനുഗ്രഹം യാചിക്കാം.

തിരുപ്പിറവി ആഘോഷിച്ച് ആ നല്ല അനുഭവത്തോടും പ്രത്യാശയോടും കൂടിയാണ് നാം 2023ലേക്ക് പ്രവേശിക്കുന്നത്. പുതുവർഷത്തിന്റെ മംഗളങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു. ദൈവം അനുവദിച്ച് തരുന്നതാണ് നമ്മുടെ ജീവിതം. 2023 ഒരു ദൈവദാനമായി കണ്ട്, ഏതൊരു സമ്മാനം കിട്ടുമ്പോഴും നാം പറയാറുള്ളതുപോലെ 'താങ്ക് യു ജീസസ്' എന്ന് ഉള്ളിൽ പറയാം. ഈ 2023ലെ ജീവിതസമയം ദൈവം ആഗ്രഹിക്കുന്നതുപോലെ വിനിയോഗിക്കാം. തിരുപിറവിയുടെയും പുതുവർഷത്തിന്റെയും അനുഗ്രഹാശംസകൾ നേരുന്നു.

**മുണ്ടൻകുരിയൻ റെന്നിയച്ചൻ**
നിങ്ങളുടെ ഡയറക്ടർ



**ജൂബിലി വളരുന്നു.**

# റുമറ്റോളജി വിഭാഗത്തിന് തുടക്കം

*സന്ധികളുടെയും പേശികളുടെയും ചികിത്സയെപറ്റി പഠിക്കുന്ന വൈദ്യസാസ്ത്രശാഖ*









ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ റുമറ്റോളജി വിഭാഗം പ്രവർത്തനമാരംഭിച്ചു. കേന്ദ്ര മന്ത്രി ശ്രീ. ജോൺ ബർല ഉദ്ഘാടനം നിർവ്വഹിച്ചു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതമാശംസിച്ചു. റുമറ്റോളജി വിഭാഗം മേധാവി ഡോ. ജോസഫ് ടി. ആന്റണി റുമറ്റോളജി വിഭാഗത്തിന്റെ പ്രവർത്തനം വിവരിച്ചു. എല്ലാ ആഴ്ചയിലും തിങ്കൾ മുതൽ വെള്ളി വരെ റുമറ്റോളജി ഒ. പി. ഉണ്ടായിരിക്കും. തൃശ്ശൂർ അതിരൂപത മെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസ് ഉപഹാരം കൈമാറി. ബി.ജെ.പി. സംസ്ഥാന വൈസ് പ്രസിഡണ്ട് ശോഭ സുരേന്ദ്രൻ, ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു. അസി. ഡയറക്ടർ ഫാ. ഡോ. ഡെമിൻ തറയിൽ നന്ദി പറഞ്ഞു.



# ഫാമിലി അഡോപ്ഷൻ 2022

ദേശീയ മെഡിക്കൽ കമ്മീഷൻ നിഷ്ക്കർഷിക്കുന്ന പുതിയ മെഡിക്കൽ പാഠ്യപദ്ധതി പ്രകാരം ഓരോ മെഡിക്കൽ വിദ്യാർത്ഥിയും അഞ്ചു കുടുംബങ്ങളെ ദത്തെടുത്തു കുടുംബാരോഗ്യം മെച്ചപ്പെടുത്താൻ ഉദ്യമിക്കേണ്ടതുണ്ട്.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഈ ഫാമിലി അഡോപ്ഷൻ പ്രോഗ്രാം നടത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹു. ശ്രീമതി ശ്രീവിദ്യ രാജേഷ്, ഡിസംബർ 20, 2022 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ഇരവിമംഗലം സബ് സെന്റർ ഹാളിൽവെച്ച് ഉദ്ഘാടനം ചെയ്തു.

പ്രസ്തുത യോഗത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ റവ. ഫാദർ റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. തുടർന്ന് വൈസ് പ്രിൻസിപ്പാൾ & ഫോറൻസിക് മെഡിസിൻ മേധാവി ഡോ. പത്മകുമാർ കെ., പ്രൊഫസർ & കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. ലൂസി റാഫേൽ, കമ്മ്യൂണിറ്റി മെഡിസിൻ പ്രൊഫസർ ഡോ. ജോ തോമസ്, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ജിയ ഗിഫ്റ്റൻ, 15-ാം വാർഡ് മെമ്പർ ശ്രീമതി സിന്ധു കെ. ജി., 14-ാം വാർഡ് മെമ്പർ ശ്രീ. കെ. ജെ. ജയൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസി. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി എന്നിവർ സംസാരിച്ചു.



# എച്ച്. ഐ. വി. എയ്ഡ്സ് - ആരോഗ്യ വിദ്യാഭ്യാസ സെഷൻ

എയ്ഡ്സ് ദിനമായ ഡിസംബർ ഒന്നിന് അഞ്ചേരി സെന്റ് ജോസഫ് കോൺവെന്റിൽ വച്ച് സാരഥി ഓട്ടോ ഡ്രൈവേഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്ക് തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥി ഡോ. എ. എം. മിമിത എച്ച്. ഐ. വി. എയ്ഡ്സ് ആരോഗ്യ വിദ്യാഭ്യാസ ക്ലാസെടുത്തു.

എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഡിസംബർ മൂന്നാം തീയതി ഒന്നാം വർഷ എം. ബി. ബി. എസ്. വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചു. എറിക് തോമസ്, ബിജു, ജൊവാൻ മാത്യൂസ്, ജേക്കബ് തോമസ് എന്നിവരടങ്ങുന്ന ടീം ഒന്നാം സ്ഥാനവും ഇഷാൻ ജാബിർ, ഓസ്റ്റിൻ പ്രദീപ്, ക്രിസ്റ്റി മരിയ ജോർജ് എന്നിവർ രണ്ടാം സ്ഥാനവും കെവിൻ സിജോയ്, സാമുവേൽ തോമസ്, മെൽവിൻ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.






First



Second



Third





# 7-ാം വർഷത്തിലേയ്ക്ക് ആയുർവേദ ഹോസ്പിറ്റൽ

ജൂബിലി ആയുർവേദ ആശുപത്രിയുടെ 7-ാം വാർഷികത്തോടനുബന്ധിച്ച് ജൂബിലി ആയുർവേദയുടെ രാമവർമപുരം ക്യാമ്പസിൽ വച്ച് ഡിസംബർ 7-ാം തീയതി ഹോസ്പിറ്റൽ ദിനം ആചരിക്കുകയുണ്ടായി.

ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ മുഖ്യാതിഥി ആയ ചടങ്ങിൽ ജൂബിലി മിഷൻ അസി. ഡയറക്ടർ ഫാ. ഡോ. ഡെമിൻ തറയിൽ, പാസ്റ്ററൽ അംഗമായ ഫാ. ഡിറ്റോ കൂള തുടങ്ങിയവർ പങ്കെടുത്തു.

അന്നേദിവസം ജൂബിലി ആയുർവേദ ചാപ്പലിൽ പ്രത്യേക വിശുദ്ധ കുർബാന ഉണ്ടായിരുന്നു. ജൂബിലി മിഷൻ ആയുർവേദ ചീഫ് കൺസൾട്ടന്റ് ഡോ. സി. ഡൊണാറ്റ, ജൂബിലി ആയുർവേദ കൺസൾട്ടന്റ് ഡോ. സി. നിർലീന, ഡോ. ഹർവിൻ ജോർജ്, ജൂബിലി ആയുർവേദ അഡ്മിനിസ്ട്രേറ്റർ ഡോ. ബിനു ബാഹുലേയൻ, സീനിയർ കൺസൾട്ടന്റ് ഡോ. ശ്രീവത്സ് എന്നിവർ സംസാരിച്ചു. തുടർന്ന് സ്റ്റാഫുകളുടെയും പഞ്ചകർമ വിദ്യാർത്ഥികളുടെയും കലാപരിപാടികൾ അരങ്ങേറി.




ലോക മനുഷ്യാവകാശദിനമാണ് ഡിസംബർ 10. സാർവ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനം യു. എൻ. അസംബ്ലി അംഗീകരിച്ചതിന്റെ ഓർമദിനം. പൗരാവകാശങ്ങൾ നിഷേധിക്കപ്പെട്ട ലോകമെങ്ങുമുള്ള മനുഷ്യരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും സാമൂഹിക നീതിയിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കാനുള്ള സന്ദർഭം.



'ഒരു മനുഷ്യൻ എങ്ങനെയാണ് അടിമയാകുന്നതെന്ന് നിങ്ങൾ കണ്ടുകഴിഞ്ഞു. അടിമ എങ്ങനെയാണ് മനുഷ്യനാകുന്നതെന്നും നിങ്ങൾ കാണുകതന്നെ ചെയ്യും' എന്നു പറഞ്ഞത് ഫ്രെഡറിക് ഡഗ്ലസാണ്. അടിമജീവിതത്തിലേക്കു പിറന്നുവീണിട്ടും തീവ്രമായ ഇച്ഛാശക്തികൊണ്ട് സ്വാതന്ത്ര്യത്തിന്റെ പുതുലോകം നേടിയെടുത്ത, യു. എസിലെ മഹാനായ അടിമത്തവിരുദ്ധ നായകനായിരുന്നു അദ്ദേഹം. മാർട്ടിൻ ലൂഥർ കിങ് ജൂനിയറിനെപ്പോലുള്ളവർക്ക് അദ്ദേഹം പ്രചോദനമായി.

മനുഷ്യാവകാശപ്പോരാട്ടങ്ങളുടെ ചരിത്രത്തിലെ ഒരേടു മാത്രമാണ് കറുത്ത വംശജർ നടത്തിയ ചെറുത്തുനിൽപ്. നിങ്ങൾ ലോകമെമ്പാടു നിന്നും വരുന്ന വാർത്തകളിലേക്കു കണ്ണോടിക്കൂ. സാമൂഹികനീതി നിഷേധിക്കപ്പെട്ട മനുഷ്യർ എല്ലായിടത്തുമു

ണ്ടെന്നു മനസ്സിലാകും. ക്രൂരമായ ബാലവേലയ്ക്കു വിധേയരാകുന്ന കോടിക്കണക്കിനു കുട്ടികൾ. ആവിഷ്കാര സ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിച്ചതിന്റെ പേരിൽ തുറുങ്കിലേക്കോ തൂക്കുമരത്തിലേക്കോ തള്ളിയെറിയപ്പെട്ട മനുഷ്യർ. ജനിച്ച മണ്ണുവിട്ട് പലായനം ചെയ്യേണ്ടിവരുന്ന അഭയാർത്ഥികൾ, വിശ്വാസത്തിന്റെയും നിറത്തിന്റെയും രാഷ്ട്രീയത്തിന്റെയുമെല്ലാം പേരിൽ ക്രൂരമായ പീഡനങ്ങളേറ്റു വാങ്ങിയവർ. ലിംഗവിവേചനങ്ങൾക്ക് ഇരയാകുന്നവർ... ഇവരെല്ലാം മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടവരാണ്.

## വഴിത്തിരിവുകൾ

മനുഷ്യാവകാശ ചരിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായ അധ്യായങ്ങളിലൊന്നാണ് 1215-ൽ ഇംഗ്ലണ്ടിൽ ഒപ്പുവയ്ക്കപ്പെട്ട മാഗ്നാകാർട്ട. വ്യക്തിസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിച്ച ആ



പ്രമാണത്തെ ജനാധിപത്യ സാമൂഹിക ക്രമത്തിലേക്കുള്ള നീണ്ട യാത്രയിലെ ആദ്യത്തെ ശ്രദ്ധേയ ചുവടുവയ്പായി കരുതാം. കടുത്ത സമ്മർദ്ദത്തിനൊടുവിലാണ് ജനകീയാവശ്യങ്ങൾക്കു വഴങ്ങാൻ ജോൺ രാജാവ് തയ്യാറായത്. അതേ ഇംഗ്ലീഷ് ജനത തന്നെ 1688-ൽ പൗരാവകാശ നിഷേധത്തിനെതിരെ മറ്റൊരു മഹത്തായ വിപ്ലവം നടത്തുകയുണ്ടായി. ഇംഗ്ലണ്ടിന്റെ അധികാരശക്തിയായി പാർലമെന്റിനെ സ്ഥാപിച്ചെടുത്തത് ഒരു തുള്ളി ചോര പോലും ചിന്താതെ നടത്തിയ ആ വിപ്ലവമാണ്. 1776-ലെ അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനവും സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ ഉയർത്തിപ്പിടിച്ച ഫ്രഞ്ച് വിപ്ലവവും മനുഷ്യാവകാശ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

രണ്ടാം ലോകയുദ്ധകാലത്ത് ഓഷ്വിറ്റ്സിലെയും ബുഹൻ വാൾഡിലെയും ബെർഗൻ ബെൽസനിലെയും നാത്സി കോൺ സൻട്രേഷൻ ക്യാമ്പുകളിൽ അരങ്ങേറിയത് സമാനതകളില്ലാത്ത മനുഷ്യാവകാശ ലംഘനങ്ങളായിരുന്നു. അഡോൾഫ് ഹിറ്റ്ല റുടെ വംശവെറി മൂലം എത്രയോ മനുഷ്യരുടെ ജീവിക്കാനുള്ള അവകാശം ഇല്ലാതായി. വിവിധ യുദ്ധഭൂമികളിൽ പതിനായിര ക്കണക്കിന് മനുഷ്യർക്കു ജീവൻ നഷ്ടമായി. അതിലുമേറെപ്പേർ അംഗപരിമിതരായി. ഇത്തരത്തിലുള്ള സമാനതകളില്ലാത്ത ക്രൂര തകൾ ഉണ്ടായതുകൊണ്ടു കൂടിയാവണം 1948 ഡിസംബർ 10ന് യു. എൻ. സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന് അംഗീകാരം നൽകിയത്. ലോകമെമ്പാടും നടക്കുന്ന മനുഷ്യാ വകാശദിനാചരണങ്ങളെ ഏകോപിപ്പിക്കുന്നത് യു. എൻ. മനു ഷ്യാവകാശ കമ്മീഷണറുടെ ഓഫീസാണ്.

## നീതിക്ക് ശ്വാസം മുട്ടും കാലം

'എനിക്കു ശ്വാസം കിട്ടുന്നില്ല'. വെളുത്ത വർഗക്കാരനായ പോലീസ് ഓഫീസറുടെ ഇടതുകാൽമുട്ട് കഴുത്തിൽ അമരു മ്പോൾ, കറുത്ത വർഗക്കാരനായ ജോർജ് ഫ്ളോയ്ഡ് പറഞ്ഞ വാക്കുകൾ യു. എസിലെ മിനിയപ്പലിസിൽ അരങ്ങേറിയ ആ ദാരുണ സംഭവം ആരോ മൊബൈൽ ക്യാമറയിൽ പകർത്തിയതുകൊണ്ടാണ് ലോകം അറിഞ്ഞത്. കറുത്തവരുടെ അവകാശപ്പോരാട്ടത്തിനു വീണ്ടും വീര്യം പകർന്നു. അത് 'ബ്ലാക്ക് ലൈവ്സ് മാറ്റർ' എന്ന മുദ്രാവാക്യമുയർത്തി ലക്ഷക്കണക്കിനു ജനങ്ങൾ യു. എസിലെ തെരുവിലേക്കിറങ്ങി. അവരിൽ പല നിറക്കാരുണ്ടായിരുന്നു. പല രാജ്യക്കാരുണ്ടായിരുന്നു. പല വംശക്കാരുണ്ടായിരുന്നു. സൈന്യത്തിനും




പോലീസിനും എന്തിനു കോവിഡ് മഹാമാരിക്കുവരെ പ്രതി രോധിക്കാനാകാത്ത വിധം ദൃഢനിശ്ചയത്തോടെയാണ് ജനം തെരുവിലേക്കിറങ്ങിയത്. ആ പ്രതിഷേധത്തിനു ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള തെരുവുകളിൽ മാറ്റൊലികളുണ്ടായി.

# മഹാമാരിക്കാലത്തെ മനുഷ്യാവകാശങ്ങൾ



കോവിഡ് മഹാമാരിയുടെ ദുരിതദിനങ്ങളിലൂടെയാണ് ലോകം കടന്നുപോകുന്നത്. ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവിതമാർഗം അടഞ്ഞിരിക്കുന്നു. സമ്പദ് വ്യവസ്ഥകൾ വൻതകർച്ച നേരിടുന്നു. ദാരിദ്ര്യം കൂടുതൽ കരുത്തോടെ പിടിമുറുക്കുന്നു. ഇങ്ങനെയുള്ള കാലങ്ങളിൽ മനുഷ്യാവകാശങ്ങൾ കൊലചെയ്യപ്പെടാൻ സാധ്യതയേറെയാണ്. കോവിഡ് ഭീതിയുടെ മറവിൽ അടിസ്ഥാനപരമായ അവകാശങ്ങൾ പോലും കവർന്നെടുക്കപ്പെടാം. സമ്പന്നർക്കും ദരിദ്രർക്കുമിടയിൽ വർധിച്ചുവരുന്ന ജീവിതനിലവാര വിടവിനെ കോവിഡ് തുറന്നുകാണിച്ചു. ഇത്തവണത്തെ മനുഷ്യാവകാശദിനത്തിന്റെ പ്രമേയം തന്നെ Dignity, Freedom and Justice for All (എല്ലാവർക്കും അന്തസ്സും, സ്വാതന്ത്ര്യവും, നീതിയും) എന്നതാണ്.

## ദേശീയ മനുഷ്യാവകാശ കമ്മീഷൻ (ഇന്ത്യ)

ഭരണഘടനയിലോ അന്താരാഷ്ട്ര പ്രഖ്യാപനങ്ങളിലോ ഉറപ്പുനൽകുന്നതും വ്യക്തിയുടെ ജീവനും സ്വാതന്ത്ര്യത്തിനും, സമത്വത്തിനും, അന്തസ്സിനുമായുള്ള മാനുഷികമായ ഏതൊരവകാശത്തെയും മനുഷ്യാവകാശം എന്നു വിളിക്കാം. ഇന്ത്യയിൽ ഇത്തരം അവകാശങ്ങളുടെ പരിരക്ഷ മുൻനിർത്തി രൂപം നൽകിയിട്ടുള്ള സ്ഥാപനമാണ് ദേശീയ മനുഷ്യാവകാശ കമ്മീ

सर्वे भवन्तु सुखिनः

**Human Rights Commission in India**

ഷൻ. 1993 സെപ്റ്റംബർ 28 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ മനുഷ്യാവകാശ സംരക്ഷണ നിയമം അനുശാസിക്കുന്ന അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നിർവഹിക്കുകയാണ് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ചുമതല.

## ഘടന

1993 ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിന്റെ 3-ാം വകുപ്പു പ്രകാരം കേന്ദ്ര ഗവൺമെന്റാണ് ദേശീയ മനുഷ്യാവകാശ കമ്മീഷന് രൂപം കൊടുക്കുന്നത്. ഓരോ സംസ്ഥാനത്തും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളും പ്രവർത്തിക്കുന്നു. ദേശീയ കമ്മീഷന്റെ അധ്യക്ഷൻ ഇന്ത്യൻ ചീഫ് ജസ്റ്റിസ് പദവി വഹിച്ചിരുന്നയാൾ ആയിരിക്കണം. അധ്യക്ഷന് പുറമേ നാല് അംഗങ്ങൾകൂടി കമ്മീഷനിലുണ്ടാവണമെന്ന് നിയമം അനുശാസിക്കുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഇപ്പോഴത്തെ അധ്യക്ഷൻ അരുൺ കുമാർ മിശ്ര.



ഇത്രമാത്രം അനന്തമായ സംസ്കാരങ്ങളും ഭാഷകളും ജനവിഭാഗങ്ങളുമടങ്ങുന്ന ഇന്ത്യ എന്ന രാജ്യം എന്തൊക്കെ പ്രശ്നങ്ങളുണ്ടെങ്കിലും ജനാധിപത്യ - മതേതര മൂല്യങ്ങളും മനുഷ്യാവകാശ സങ്കൽപങ്ങളും പൂർണമായി കൈയൊഴിഞ്ഞിട്ടില്ല എന്നത് ചെറിയ കാര്യമല്ല. അതിനാൽതന്നെ എന്തൊക്കെ പരിമിതിയിലും ആ സംവിധാനത്തെ ശക്തിപ്പെടുത്തി മുന്നോട്ടു പോകാനും മുൻസൂചിപ്പിച്ച പോലെ മറ്റെന്തിനും മീതെ ഭരണഘടനയെ പ്രതിഷ്ഠിക്കാനുമാണ് ഈ മനുഷ്യാവകാശ ദിനത്തിൽ നമുക്കെടുക്കാവുന്ന രാഷ്ട്രീയമായ പ്രതിജ്ഞ.

**അഡ്വ. ജസ്റ്റിൻ ചിരിയങ്കണ്ടത്ത്**
മാനേജർ, ലീഗൽ & കപ്ലയൻസ്



# ആരോഗ്യം
## അവകാശമാണ്... ആവശ്യമാണ്...

നല്ല ആരോഗ്യം ഓരോ മനുഷ്യന്റെയും അവകാശമാണ്. ഈ ലോകത്ത് എല്ലായിടത്തും, എല്ലാവർക്കും സാമ്പത്തിക ബുദ്ധിമുട്ടുകൾ കൂടാതെ അവർക്ക് ആവശ്യമുള്ള ഗുണനിലവാരത്തോടെയുള്ള ആരോഗ്യ പരിരക്ഷ ലഭ്യമാക്കണം എന്ന് ഓർമ്മിപ്പിക്കുന്നതിനായി ലോകാരോഗ്യ സംഘടന തിരഞ്ഞെടുത്ത ദിവസമാണ് ഡിസംബർ 12.

യൂണിവേഴ്സൽ ഹെൽത്ത് കവറേജ് (UHC) ആളുകളെ ദാരിദ്ര്യത്തിൽനിന്ന് കരകയറ്റുന്നു. ഈ വർഷത്തെ പ്രമേയം 'നമ്മൾ ആഗ്രഹിക്കുന്ന ലോകം കെട്ടിപ്പടുക്കുക; എല്ലാവർക്കും ആരോഗ്യകരമായ ഭാവി' എന്നതാണ്. ശക്തമായ ആരോഗ്യ സംവിധാനം കെട്ടിപ്പടുക്കുന്നതിന് നമുക്ക് സമത്വം, വിശ്വാസം, ആരോഗ്യകരമായ അന്തരീക്ഷം, നിക്ഷേപങ്ങൾ, ഉത്തരവാദിത്വം എന്നിവ ആവശ്യമാണ്.

സാർവത്രിക ആരോഗ്യ പരിരക്ഷ ദിനം പുരോഗതി ആഘോഷിക്കുന്നതിനും എല്ലായിടത്തും കുടുംബങ്ങൾക്കും കമ്മ്യൂണിറ്റികൾക്കും ആവശ്യമായ ആരോഗ്യസംരക്ഷണം നൽകുന്നതിനും എന്താണ് വേണ്ടതെന്ന് അവബോധം വളർത്തുന്നതിനു

മുള്ള അവസരമാണ്. ഈ ദിനം ആരോഗ്യം എല്ലാവർക്കും യാഥാർത്ഥ്യമാക്കുന്നതിന്റെ ലോകാരോഗ്യസംഘടനയുടെ 75-ാം വാർഷികത്തിന്റെ ആരംഭവും 2023-ൽ യു. എൻ. പൊതുസഭ യിൽ നടക്കുന്ന UHC സംബന്ധിച്ച ഉന്നതതലയോഗത്തിന്റെ കൗണ്ട് ഡൗണും അടയാളപ്പെടുത്തുന്നു.




2030-ഓടെ UHC നേടുന്നതിന് ഇന്ത്യയും പരിശ്രമിക്കുക യാണ്. UHC ലക്ഷ്യം കൈവരിക്കുന്നതിന്, 2018 സെപ്റ്റംബർ 23-ന് പ്രധാനമന്ത്രി ആരംഭിച്ച ആയുഷ്മാൻ ഭാരത് പദ്ധതിക്ക് കീഴിൽ, ഇന്ത്യാ ഗവൺമെന്റ് ഒരു വലിയ ആരോഗ്യ ഇൻഷുറൻസ് പോളിസിയായ പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന (PMJAY) കൊണ്ടുവന്നു. ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ ഇൻ ഷുറൻസ് പോളിസികളിൽ ഒന്നായും സാർവത്രിക ആരോഗ്യ പരിരക്ഷയിലേക്കുള്ള ഒരു സുപ്രധാന ചുവടുവെയ്പായും ഇത് പരിഗണിക്കപ്പെടുന്നു. ആരോഗ്യ സംവിധാനങ്ങളെ ശക്തവും തുല്യവും പ്രതിരോധശേഷിയുള്ളതുമാക്കുന്നതിന് ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പിലാക്കുന്നതിനും WHO, ദേശീയ സംസ്ഥാന സർക്കാരുകളെ സാങ്കേതികമായി സഹായിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ കൂടാതെ ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങളിലേക്ക് എല്ലാ ആളുകൾക്കും പ്രവേശനം ഉറപ്പാ ക്കാൻ UHC ആവശ്യപ്പെടുന്നു. ഈ ലക്ഷ്യം കൈവരിക്കാൻ നമുക്കും പരിശ്രമിക്കാം. എല്ലാവരുടെയും ആരോഗ്യകരമായ ഭാവിക്കുവേണ്ടി.

**ചിപ്പി കെ. എസ്.**
അനസ്തേഷ്യ



# ജൂബിലി സ്ഥാപന ദിനം








ജൂബിലി മിഷൻ ആശുപത്രിയിൽ ഡിസംബർ 17-ാം തീയതി ആശുപത്രി ആരംഭിച്ചതിന്റെയും സ്ഥാപക ഡയറക്ടറായ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ ഓർമദിനവും ഫൗണ്ടേഷൻ ദിനമായി ആചരിച്ചു. ഫൗണ്ടേഷൻ ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ഹോസ്പിറ്റൽ ചാപ്പലിൽ പ്രത്യേക കുർബാന യും അനുസ്മരണവും ഉണ്ടായിരുന്നു. ഡയറക്ടർ കസേരയിൽ ഇരിക്കാതെ ചോറ്പൊതിയുമായി വാർഡുകളിലെ പാവപ്പെ ട്ടവരെ തേടിനടന്നാണ് അന്നത്തെ ഡയറക്ടർ മോൺ. മാത്യു മുരിങ്ങാത്തേരി ആശുപത്രിയെ വളർത്തിയത്. ജൂബിലി മിഷൻ ആശുപത്രിയുടെ വിജയം 1951 മുതൽ ഇന്നുവരെ ആ ഊർ ജ്ജവും വൈദഗ്ദ്ധ്യവും കൈവിടാതെ ദശക്കണക്കിന് ആളു കളുടെ ജീവിതം തിരിച്ചുപിടിക്കാൻ പ്രതിജ്ഞാബദ്ധമായി നിലകൊള്ളുന്നു. ആശുപത്രി വളർച്ചയുടെ 71 വർഷം പൂർത്തി യാകുമ്പോൾ സ്ഥാപക ഡയറക്ടറുടെ ഓർമ്മയ്ക്കായി മോൺ. മാത്യു മുരിങ്ങാത്തേരി മെമ്മോറിയൽ ദേശീയ പുരസ്കാരവും ഏർപ്പെടുത്തിയിരിക്കുന്നു.

# ക്രിസ്തുമസ്സ് ആഘോഷമത്സരങ്ങൾ




ക്രിസ്മസിനോടനുബന്ധിച്ചു കാത്തലിക് നഴ്സസ് ഗിൽഡിന്റെ നേതൃത്വത്തിൽ ജൂബിലി കുടുംബാംഗങ്ങൾക്കായി ബോട്ടിൽ ആർട്ട്, ക്രിസ്മസ് കാർഡ് നിർമ്മാണം, സുകൃതജപമെഴുത്ത് എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. ഡിസംബർ 23-ാം തീയതി നടത്തിയ ലക്കി ഡിപ്പ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. ഇതിൽ മുന്നൂറ്റി എൺപതോളം പേർ പങ്കെടുത്തു. ഇതിലൂടെ സമാഹരിച്ച തുക ജൂബിലി കുടുംബാംഗത്തിനു നൽകി. ക്രിസ്മസ് കാർഡ്, ബോട്ടിൽ ആർട്ട് എന്നീ മത്സരങ്ങളിൽ മുപ്പതോളം പേർ പങ്കെടുത്തതിൽ ബോട്ടിൽ ആർട്ടിൽ റേഡിയോളജി വിഭാഗത്തിലെ ഫെബിന ബേബി ഒന്നാം സ്ഥാനവും എമർജൻസി വിഭാഗത്തിലെ

സി. ആൽഫിന സി. എസ്. എസ്. രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ക്രിസ്മസ് കാർഡ് നിർമാണത്തിൽ എമർജൻസി മെഡിസിനിലെ സി. മെറിറ്റ സി. എച്ച്. എഫ്. ഒന്നാം സ്ഥാനവും ഡയാലിസിസിലെ ശ്രീമതി ജിൻസി രാജി രണ്ടാം സ്ഥാനവും കരസ്ഥമാക്കി. സുകൃത ജപമെഴുത്തിൽ ലേബർ റൂം ഇൻചാർജ് സി. സാനിറ്റ സി. എം. സി. ഒന്നാം സ്ഥാനവും ഫീമെയിൽ വാർഡ് സ്റ്റാഫ് നേഴ്സ് അമൃത എസ്. രണ്ടാം സ്ഥാനവും നിയോനേറ്റൽ ഐ. സി. യു. സ്റ്റാഫ് സുമി എം. എസ്. പ്രത്യേക പരാമർശവും നേടി. സെന്റ് മേരീസ് വാർഡിലെ നഴ്സിംഗ് അറ്റന്റഡ് നിസി ജോൺ, കാത്ത് ലാബ് സ്റ്റാഫ് നേഴ്സുമാരായ ശാലു പോൾ, ഡിനി മോൾ, ഡിനിയാ ഡേവിസ് എന്നിവർ പ്രോത്സാഹന സമ്മാനങ്ങളും കരസ്ഥമാക്കി.




**Febina Baby**
Bottle Art I[st] Prize

**Sr. Alphina CSS**
Bottle Art II[nd] Prize



# Card Making Competition










**Sr. Meritta CHF**
Card Making I<sup>st</sup> Prize

**Jincy Raji**
Card Making II<sup>nd</sup> Prize

# Sukrutha Japam Writing










**Sr. Sanitta CMC**
Sukrutha Japam
I<sup>st</sup> Prize

**Amrutha E.S.**
Sukrutha Japam
II<sup>nd</sup> Prize



# കണ്ണടയ്ക്കരുതേ... കണ്ണിന്റെ കാര്യത്തിൽ!

പ്രമേഹത്തിൽനിന്ന് നിങ്ങളുടെ കണ്ണുകളെ എങ്ങനെ സംരക്ഷിക്കാം? പ്രമേഹം നിങ്ങളുടെ കണ്ണുകളെ ദോഷകരമായി ബാധിക്കുമെന്ന് നിങ്ങൾക്കറിയാമോ? നിങ്ങളുടെ കണ്ണുകൾ ആരോഗ്യകരമായി നിലനിർത്താൻ സഹായിക്കുന്ന നടപടികൾ സ്വീകരിക്കാൻ നിങ്ങൾക്ക് തന്നെ കഴിയുമെന്നതാണ് നല്ല വാർത്ത. ഈ ലേഖനം വായിക്കാൻ തുടങ്ങിയപ്പോൾ മുതൽ തന്നെ അതിനായി നിങ്ങൾ ഒരു വലിയ ചുവടുവയ്പ്പ് സ്വീകരിച്ചിരിക്കുന്നു. 50 വയസ്സോ, അതിൽ കൂടുതലോ പ്രായമുള്ളവർക്ക് പ്രമേഹം അന്ധതയ്ക്കുള്ള ഒരു പ്രധാന കാരണമാണ്. ഗുരുതരമായ നേത്ര പ്രശ്നങ്ങൾ പലപ്പോഴും പ്രമേഹമുള്ളവരിൽ സംഭവിക്കുന്നു.

**1. ഡയബറ്റിക് റെറ്റിനോപ്പതി**

റെറ്റിനയിലെ (കണ്ണിന്റെ പിൻഭാഗത്ത്) ചെറിയ രക്തക്കുഴലുകൾ ദുർബലമാകാനും രക്തം ചോരാനും കാരണമാകുന്നു.

**2. തിമിരം**

ഇത് കാഴ്ചയെ മങ്ങിയതാക്കുന്നു.

**3. ഗ്ലോക്കോമ**

കണ്ണിൽ സമ്മർദ്ദത്തിന് കാരണമാകുന്നു.

**4. ഡയബറ്റിക് മാക്യുലർ എഡിമ**

കേന്ദ്ര ബിന്ദുവായ റെറ്റിനയുടെ ഭാഗത്തേക്ക് ദ്രാവകം ചോർന്നതിനാൽ കാഴ്ച മങ്ങുന്നു. രോഗം മൂർച്ഛിക്കുകയും കാഴ്ചശക്തി നഷ്ടപ്പെടുകയും ചെയ്യുന്നതുവരെ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടില്ല. രോഗത്തിന്റെ വിപുലമായ ഘട്ടങ്ങളുടെ ചികിത്സ പലപ്പോഴും കൂടുതൽ ബുദ്ധിമുട്ടാണ്. കൃത്യമായ




പരിശോധനകളും നേരത്തെയുള്ള ചികിത്സയും മികച്ച കാഴ്ച നിലനിർത്തുന്നതിനുള്ള താക്കോലാണ്.

- ❖ ഡോക്ടർ നിർദ്ദേശിച്ച പ്രകാരം മരുന്നുകൾ കഴിക്കുക.
- ❖ ആരോഗ്യകരമായ ശരീര ഭാരം നിലനിർത്തുകയും പരിപാലിക്കുകയും ചെയ്യുക.
- ❖ നിങ്ങളുടെ ദിനചര്യയിൽ കൂടുതൽ ശാരീരിക പ്രവർത്തനങ്ങൾ ചേരുക.
- ❖ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ എന്നിവയുടെ അളവ് നിയന്ത്രിക്കുക.
- ❖ പുകവലിശീലം ഉപേക്ഷിക്കുക.

എല്ലാ വർഷവും നേത്ര പരിശോധന നടത്തൂ... നിങ്ങളുടെ ആരോഗ്യം ട്രാക്കിൽ സൂക്ഷിക്കൂ!!

**ഡോ. ആൻഡ്രൂസ് സി. വി.**
വൈസ് പ്രിൻസിപ്പൽ & HOD,
**ഡോ. ജെസ്മി ജോസ്**
റസിഡന്റ് എം. എസ്.
ഒഫ്താൽമോളജി വിഭാഗം




# ക്രിസ്മസ് ക്രിബ് ഓപ്പണിങ് സെറിമണി



ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ ഡിസംബർ 23-ാം തീയതി ക്രിസ്മസ് ക്രിബ് ഓപ്പണിങ്ങ് സെറിമണി സംഘടിപ്പിച്ചു. ജൂബിലി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യന്റെ സ്വാഗതത്തോടെ ആരംഭിച്ച പരിപാടിയിൽ മുഖ്യ അതിഥിയായി തൃശൂർ സിറ്റി പോലീസ് കമ്മീഷണർ ശ്രീ. അങ്കിത്ത് അശോകൻ ഐ. പി. എസ്. മുഖ്യപ്രഭാഷണം നടത്തുകയും നാട മുറിച്ച് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തൃശൂർ അതിരൂപത മുൻ ആർച്ച്ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി അദ്ധ്യക്ഷത വഹിച്ച് ക്രിസ്മസ് സന്ദേശം നൽകുകയും സ്വിച്ച് ഓൺ കർമ്മം നിർവഹിക്കുകയും ചെയ്തു. ഫ്ളോറ ഹോസ്പിറ്റാലിറ്റി ചെയർമാൻ വി. എ. ഹസൻ ആശംസകൾ അർപ്പിച്ചു.

വിശിഷ്ടാതിഥികളും നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡയും മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസും വൈസ്

പ്രിൻസിപ്പൽ ഡോ. ആൻഡ്രൂസ് സി. വി. യും ചേർന്ന് കേക്ക് മുറിച്ച് ക്രിസ്മസ് മധുരം പങ്കുവെച്ചു.



റവ. ഫാ. പോൾ പേരാമംഗലത്ത് മാർ ജേക്കബ് തൂങ്കുഴി പിതാവിനെ പൊന്നാട അണിയിച്ച് ആദരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ സുപ്രണ്ട് ഡോ. പി. സി. ഗിൽവാസ് ശ്രീ. അങ്കിത്ത് ഐ. പി. എസിനും വൈസ് പ്രിൻസിപ്പൽ ഡോ. ആൻഡ്രൂസ് സി. വി. ശ്രീ. വി. എ. ഹസനും ഉപഹാരങ്ങൾ നൽകി.



കാത്തലിക് നേഴ്സസ് ഗിൽഡ് ജൂബിലി യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂബിലി ജീവനക്കാർക്കായി നടത്തിയ സുകൃത ജപം എഴുത്ത്, കാർഡ് മേക്കിങ്ങ്, ബോട്ടിൽ ആർട്ട് എന്നിവ യിലെ വിജയികൾക്കായുള്ള സമ്മാനദാനവും മുഖ്യാതിഥികൾ നിർവ്വഹിച്ചു. ക്രിസ്മസിനോട് അനുബന്ധിച്ച് നടത്തിയ ലക്കി ഡിപ്പിലൂടെ സമാഹരിച്ച തുക സുഹൃത്തിന് ഒരു കൈത്താങ്ങ് എന്ന പേരിൽ ജൂബിലി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യനു കൈമാറി. ക്രിസ്മസ് ദിനത്തിൽ രോഗികൾക്കായി സൗജന്യ ഡയാലിസിസും ആദ്യം ജനിക്കുന്ന കുട്ടിക്ക് സ്വർണ്ണനാണയവും നൽകി.



അനുകമ്പ, സമഗ്രത, ടീം വർക്ക്, മികവ് എന്നീ മൂല്യങ്ങളിൽ വേരൂന്നി ജൂബിലി മിഷൻ ആശുപത്രി വളർന്ന് അതിന്റെ ഫലങ്ങളായി പന്തലിച്ച് നിൽക്കുന്ന ഒരു വലിയ മരമായി മാറിയിരിക്കുന്നു എന്ന ആശയത്തെ മുൻനിർത്തിയും മരത്തിന്റെ ഹൃദയഭാഗത്തായി തിരുപിറവിയും ചിത്രീകരിച്ചിരിക്കുന്ന രീതിയിലായിരുന്നു ഇത്തവണത്തെ പുൽക്കൂട് ഒരുക്കിയത്. ഫാ. പോൾ പേരാമംഗലത്തിന്റെ നേതൃത്വത്തിൽ എഞ്ചിനീയറിംഗ് വിങ്ങിലെ എബിന്റെ ഡിസൈനിൽ ജോഷി, ഷിനോജ് എന്നിവർ അടങ്ങുന്ന എഞ്ചിനീയറിങ്ങ്, മെയിന്റനൻസ് വിഭാഗത്തിലെ ജീവനക്കാരാണ് ഈ പുൽക്കൂടിന്റെ അണിയറ ശില്പികൾ.

ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ജീവനക്കാരുടെ കരോൾ ഗാനവും ഗ്രൂപ്പ് ഡാൻസും പരിപാടിയുടെ മാറ്റുകൂട്ടി. ജൂബിലി മിഷൻ ഹോസ്പിറ്റൽ സി. ഇ. ഒ. ഡോ. ബെന്നി ജോസഫിന്റെ കൃതജ്ഞതയോടുകൂടി പരിപാടികൾ സമാപിച്ചു.





# ക്രിസ്തുമസ് മാലോകർക്ക്

വിണ്ണിലെ താരം മണ്ണിലായ് പിറന്നതിന്റെ ഓർമ്മദിനം. മാലോകർക്ക് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദിനങ്ങൾ സമ്മാനിച്ചുകൊണ്ട് ഒരു ക്രിസ്തുമസ് കാലം കൂടി വരവായി. ധനുമാസകോടമഞ്ഞിൽ തണുത്തുറഞ്ഞ സസ്യലതാദികളിൽ ഇറങ്ങിച്ചെന്ന് പുതുജീവൻ നൽകുന്ന സൂര്യപ്രകാശം പോലെ... ദൈവം മാനവരക്ഷയ്ക്കായ് ഭൂമിയിൽ നിയോഗപ്പെടുത്തിയ ദൈവപുത്രന്റെ ജന്മദിനം.

കോവിഡ് മഹാമാരിയും യുദ്ധവീറുകളും കൊണ്ട് ലോകം പൊറുതിമുട്ടിയ ദിനങ്ങളെല്ലാം വന്നുപോയിക്കൊണ്ടിരുന്നു... ആക്രമണങ്ങളും പട്ടിണിയും അനീതിയുമെല്ലാം ലോകം മുന്നിൽ കണ്ടു. എന്നിരുന്നാലും ശുഭാപ്തി വിശ്വാസത്തോടെ മുന്നേറുകയാണീ ലോകം... സഹനങ്ങളും പരീക്ഷണങ്ങളും മറികടന്ന് സർവ്വം നന്മയാൽ വെളിച്ചമേകിക്കൊണ്ട് ഉയിർത്തെഴുന്നേൽക്കണമെന്നാണ് ദൈവപുത്രൻ നമ്മെ പഠിപ്പിച്ചിട്ടുള്ളത്..



കഷ്ടപ്പാടുകളും ദു:ഖങ്ങളും, സന്തോഷവും സമാധാനവുമെല്ലാം ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. അത് മാറി മാറി വന്നുപോകും. കാലം കടന്നുപോകും. ഈ സമയവും കടന്നുപോകും. ''ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ട, ഞാനാണ് നിന്റെ ദൈവം, ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും'' (ഏശ 41:10).

ഈ വാക്കുകളിൽ വിശ്വസിക്കുവിൻ. മുന്നോട്ട് തന്നെ നടക്കുക. കൂടുതൽ കല്ലുകളും മുള്ളുകളും കാണാം. ഗൗനിക്കേണ്ടതില്ല..., ദൈവമാണ് നമ്മെ പഠിപ്പിച്ചത്. അതിനാൽ ഈ പുണ്യകാലം പുതിയൊരു തുടക്കത്തിന്റെ പ്രതീകം കൂടിയാണ്.

ജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചേക്കും. സ്വയം മാറുക. പങ്കുവെക്കുമ്പോൾ ഇരട്ടിക്കുന്നതാണ് സന്തോഷമെന്നും, സ്നേഹമാണ് ഏറ്റവും നല്ല മരുന്നെന്നും നമുക്കറിയുന്നതുപോലെ അവയെല്ലാം ജീവിതത്തിൽ അർത്ഥവത്താക്കാനും നമുക്ക് സാധിക്കണം. അതിജീവനത്തിന്റെ പുതിയ നാളുകൾ ദൈവം സമ്മാനിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്... ക്രിസ്തുമസ് ആശംസകളോടൊപ്പം തന്നെ പുതുവത്സരാശംസകളും നേരുന്നു.

**പ്രത്യൂഷ**
ലാബ് ഇന്റേൺ

# അഭിനന്ദനങ്ങൾ

CONGRATULATIONS



ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ്സ് നാഷണൽ പ്രസിഡന്റ്സ് അപ്രിസിയേഷൻ അവാർഡ് 2022 കരസ്ഥമാക്കിയ ഡോ. ബിനിൽ ഐസക്ക് മാത്യുവിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ



ക്രിസ്റ്റ്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ഡിപ്ലോമ ഇൻ മെഡിക്കൽ റേഡിയോ ഡയഗ്നോസിസ് ടെക്നോളജി ദേശീയ തല പരീക്ഷയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഡെൻസി ഡേവിസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



ആഗ്രയിലെ ജെയ്പീ പാലസ് കൺവെൻഷൻ സെന്ററിൽ നടന്ന 42-ാമത് SINN വാർഷിക കോൺഫറൻസിൽ 2023-2025ലേക്കുള്ള ഇന്ത്യൻ ന്യൂറോ സയൻസ് നഴ്സസ് സൊസൈറ്റിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈയ്ക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



ആസ്ത്മ, അലർജിക്ക് റിനിറ്റിസ് ചർമ്മം, മറ്റ് അലർജികൾ എന്നിവയ്ക്കുള്ള പ്രതിരോധ മാർഗങ്ങൾ ഉൾപ്പെടെയുള്ള നൂതന ചികിത്സയെക്കുറിച്ച് വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജും ഇന്റർനാഷണൽ ആസ്ത്മ സർവീസസും സംയുക്തമായി നടത്തുന്ന ഒരു വർഷത്തെ പരിശീലന സർട്ടിഫിക്കറ്റ് പ്രോഗ്രാമായ 'ഡിപ്ലോമ ഇൻ അലർജി ആൻഡ് ആസ്ത്മ പ്രോഗ്രാം' പൂർത്തിയാക്കിയ ഡോ. റോസ് സേവ്യറിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

# അഭിനന്ദനങ്ങൾ

CONGRATULATIONS



മാർ ഫ്രാൻസിസ് മാർപാപ്പയുടെ ഓഫീസിൽനിന്നും അദ്ദേഹത്തിന് മുട്ടുവേദനയ്ക്കുള്ള മരുന്നും പ്രിസ്ക്രിപ്ഷനും നല്കിയതിന് പ്രത്യേക അഭിനന്ദനം ലഭിച്ച ആയുർവേദ സീനിയർ കൺസൾട്ടന്റ് ഡോ. സഹദേവൻ സി. ഡി. യ്ക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



SECRETARIAT OF STATE

FIRST SECTION – GENERAL AFFAIRS

From the Vatican, 15 October 2022

Dear Dr Sahadevan,

His Holiness Pope Francis has read your letter and wishes me to express his gratitude for the devoted sentiments that prompted you to write to him and for the gift of two bottles of oil. He appreciates this thoughtful gesture.

The Holy Father will remember you in his prayers and invokes upon you God's blessings of joy and peace.

With every good wish, I am

Yours sincerely,

L. Roberto Cona

Monsignor L. Roberto Cona

*Assessor*

# JUBILEE VOICE



ഷിലോങ്ങിൽ വെച്ച് നടന്ന 69-ാമത് ആനുവൽ കോൺഫറൻസ് ഓഫ് ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റിൽ 'മാനേജ്മെന്റ് ഓഫ് സിവിയർ പ്രോട്ടാമിൻ റിയാക്ഷൻ' എന്ന വിഷയത്തെപ്പറ്റി ഡോ. ബിനിൽ ഐസക്ക് മാത്യു പ്രഭാഷണം നടത്തി.



കൊളംബോയിൽ വെച്ച് നടന്ന പതിനാലാമത് ഇന്റർനാഷണൽ കോൺഗ്രസ് ഓഫ് ഇൻഡോ പസഫിക് അസോസിയേഷൻ ഓഫ് ലോ മെഡിസിൻ ആൻഡ് സയൻസിൽ 'എത്തിക്കൽ ആൻഡ് ലീഗൽ പേർസ്പെക്റ്റീവ്സ് ഓഫ് ചൈൽഡ് പ്രൊട്ടക്ഷൻ ഇൻ ഇന്ത്യ : ദി ചലഞ്ചസ് ഇൻ ദി ഗ്ലോബൽ എക്കണോമിക് ക്രൈസിസ്' എന്ന വിഷയത്തെപ്പറ്റി ഡോ. പത്മകുമാർ കെ. സംസാരിച്ചു.

## ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിന് പുതിയ മുഖം




ജൂബിലി മിഷൻ ഹോസ്പിറ്റലിലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് KEIL (Kerala Enviro Infrastructure Limited) എന്ന സ്ഥാപനവുമായി സഹകരിച്ച് നടത്തുന്നതിന്റെ ഫ്ളാഗ് ഓഫ് കർമ്മം ബഹു. ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ നിർവ്വഹിച്ചു.



# JOURNAL CLUB

JCMRന്റെ ആഭിമുഖ്യത്തിൽ 55-ാമത് ജേർണൽ ക്ലബ്ബ് ഡിസംബർ 21-ാം തീയതി, ബുധനാഴ്ച ന്യൂ സി.സി.എം. ഹാളിൽ സംഘടിപ്പിക്കപ്പെട്ടു. പാത്തോളജി വിഭാഗം അസി. പ്രൊഫസർ ഡോ. വെനേസാ ജോൺ ടി. ആയിരുന്നു പ്രഭാഷക.

മലാശയ അർബുദത്തോട് അനുബന്ധമായി വന്നുചേരുന്ന മറ്റു പോളിപ്സും അർബുദങ്ങളും വേർതിരിച്ചെടുക്കുന്ന ദേശീയ രജിസ്ട്രി ഉപയോഗിച്ചുള്ള പഠനമായിരുന്നു അവതരണ വിഷയം. ഈ പഠനം 2023 വർഷത്തിലേക്കുള്ള ഹിസ്റ്റോ പാത്തോളജി ജേർണലിൽ പ്രസിദ്ധീകരിച്ചു. ഈ പഠനം നടന്നത് നെതർലൻഡ്സിലായിരുന്നു.

സമാനമായ പഠനങ്ങളുടെ കാലികപ്രസക്തിയും, ഇൻഡ്യയിലും പ്രത്യേകിച്ച് കേരളത്തിലും ഈ പഠനരീതി അവലംബിക്കുന്നതിനെക്കുറിച്ചും ഡോ. ആൻഡ്രൂസ് കാക്കനാട്ടും, ഡോ. പി. ആർ. വർഗ്ഗീസും അഭിപ്രായങ്ങൾ രേഖപ്പെടുത്തി.



# കാൻസറിൽ ഏകദിന ശാസ്ത്രസംഭാഷണം





ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഏകദിന സെമിനാർ 2022 ഡിസംബർ 19-ാം തീയതി രാവിലെ 11.30ന് ന്യൂ സിസിഎം ഹാളിൽ നടന്നു. അമേരിക്കയിലെ വിസ്കോൺസിൽ മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിലെ ഡോ. പ്രദീപ് സി. രാഘവനായിരുന്നു പ്രഭാഷകൻ. വിവിധ തരം കാൻസറിന് കാരണമാകാവുന്ന ക്രോമസോം കോപി നമ്പറിലെ വ്യതിയാനങ്ങളെ സംബന്ധിച്ചായിരുന്നു സെമിനാർ. ലബോറട്ടറി ഫോർ കംമ്പ്യൂട്ടേഷനൽ & സ്ട്രക്ച്ചറൽ ബയോളജി വിഭാഗത്തിലെ ഡോ. സരിത ഫ്രാൻസിസ് സ്വാഗതം ആശംസിച്ചു. വൈസ് പ്രിൻസിപ്പാൾ ഡോ. പത്മകുമാറും, റിസർച്ച് കോ - ഓഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസും ചേർന്ന് മുഖ്യാതിഥിയ്ക്ക് മെമന്റോ നല്കി ആദരിച്ചു. ബയോകെമിസ്ട്രി & ഫൈയ്റ്റോ കെമിസ്ട്രി വിഭാഗം സയന്റിസ്റ്റ് ഡോ. മാത്യു ജോണിന്റെ നന്ദി പ്രസംഗത്തോടെ ഒരു മണിക്കൂറിലധികം നീണ്ടുനിന്ന സെമിനാറിന് പരിസമാപ്തിയായി.

# Diagnostic Services of JMMCH




The Central Diagnostic Laboratory at Jubilee Mission Medical College has evolved over the years, by the assimilation of knowledge and adaptation of the latest diagnostic technology, thus establishing itself as a leader in the diagnostic laboratory segment with the aim to aid in timely therapeutic interventions and patient management, to enhance healthcare delivery and patient outcomes.

**Scope of Services:**

The clinical laboratory operates 24 hours a day and offers a full range of diagnostic tests, routine & specialized, with sections devoted to Clinical Chemistry, Hematology, Coagulation, Clinical Pathology, and Immunology. Departments of Microbiology, Surgical Pathology, Clinical Chemistry, Molecular Biology and Blood Centre works 24 hours to ensure timely sample processing and report generation in tandem with the central lab.

**Esoteric Testing:**

Central diagnostic lab caters to the requisition of Esoteric testing whenever the need arises. Esoteric testing is the analysis of 'rare' molecules or substances when clinicians need additional



information for proper diagnosis of disease, establish a prognosis or select and supervise a therapeutic treatment.

Advanced state-of-the-art analyzers, allows for precise and accurate measurements and rapid reports of analytes such as Tumor Markers like CA125, CEA, CA19.9, CA15.3, AFP, BHCG amongst others. Sex Hormones including LH, FSH, Estradiol, Prolactin, Testosterone, DHEAS, AMH and HGH etc are performed in house.

Therapeutic drug monitoring (TDM) is available to effectively monitor hard-to-dose medicines including antibiotics, anti-seizure drugs, drugs to treat bipolar disorders etc.

Cardiac Markers Panels including Hs TropI, NT ProBNP, CK & special tests which complement routine Thyroid Function Testing such as Free T3, T4 and Antithyroid antibodies are performed in the central lab.

Advance Immunohematology Testing along with diagnosis of Coagulation disorders including Factor Assays, Inhibitor Testing and D-Dimer quantifications, and Visco-elastic (ROTEM) testing protocols are carried out to aid in diagnosis and treatment, with rapid availability of reports.



The central lab is equipped to report tests which are not commonly prescribed like ammonia, amylase, lipase, cholinesterase etc. as and when required by the clinicians.

Surgical Pathology Dept has the facility to do 80 IHC markers including Lymphoma panel. Frozen section and FNAC is also being done.

**Microbiology Dept:**

Apart from the routine tests the following special tests like Aspergillus galactomannan, BioFire Meningitis Panel, BioFire Respiratory Panel, Clostridium difficile - PCR, Mycobacterium TB Truenat, Procalcitonin are done and the results are made available at the earliest.

The Molecular Biology lab can undertake specialized reporting for various conditions including malignancies, metabolic and congenital disorders using Molecular Assays like PCR, FISH, NMDAR, NMO/MOG and Karyotyping etc. All specialized and esoteric tests are available with rapid turnaround times and comparative costs.



## Turn Around Times (TAT):

For most routine testing, Turn-around-times range from minutes to a few hours in most cases, with Stat and Critical values being intimated directly to the health care provider for immediate action.

For more esoteric tests, the TAT varies depending on the frequency and nature of the requested assay.

## Quality Systems:



The clinical laboratories follow robust quality standards as detailed by the various accreditation and regulatory agencies and includes stringent internal quality control and participation in external quality assurance programs to ensure that the reports generated are accurate and precise and hence trustworthy and reliable at all times.




**Dr. Susheela J Innah**
Head of Laboratory Services and Blood Centre



# ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....









ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാകരി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാകരി....













ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാകാൻ....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാകാൻ....













ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....













ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാകാൻ....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാകാൻ....













ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....











# ജൂബിലിയിലെ അണിയറപ്പട

അരങ്ങത്തേയ്ക്ക് വരാത്ത, എന്നാൽ അരങ്ങുകൾ ഒരുക്കുന്ന അധികമാരും അറിയപ്പെടാത്ത എന്നാൽ അറിയപ്പെടേണ്ട ജൂബിലിയിലെ അണിയറപ്പടയെക്കുറിച്ച്.

1951-ൽ ഒരു ചെറിയ ഡിസ്‌പെൻസറിയിൽനിന്ന് തുടങ്ങിയ ജൂബിലിയുടെ വളർച്ചാപ്രയാണത്തിൽ കൈയ്യും മെയ്യും മറന്ന് അഹോരാത്രം പ്രവർത്തിക്കുന്നവരാണ് എഞ്ചിനീയറിങ്ങ് & മെയിന്റനൻസ് ഡിപ്പാർട്ട്മെന്റുകൾ. നഗരഹൃദയത്തിൽ വിശാലമായി സ്ഥിതി ചെയ്യുന്ന ജൂബിലി ആശുപത്രിയും അനുബന്ധ സ്ഥാപനങ്ങളും ജൂബിലി ക്യാമ്പസ് കൂടാതെ ജൂബിലി കോളേജ് ഓഫ് നഴ്സിംഗ്, ജൂബിലി ആയുർവേദാശുപത്രി എന്നിവിടങ്ങളിലും ഇവരുടെ സേവനം ലഭ്യമാണ്. റെസിഡിൻഷ്യൽ ഏരിയകളും ഹോസ്റ്റലുകളും ഇവയിൽ ഉൾപ്പെടുന്നു.

നമ്മുടെ സ്ഥാപനത്തിന്റെ വളർച്ചയ്ക്കായ് സ്ഥിരോത്സാഹത്തോടെ തൊഴിലെടുക്കുന്ന നമ്മുടെ സഹപ്രവർത്തകർ നൽകുന്ന സംഭാവനകൾ നിസ്സാരമല്ല. ജൂബിലി കുടുംബത്തിലെ എല്ലാ മേഖലകളിലും ഉള്ള ചെറുതും വലുതുമായ ഏതൊരു പ്രവർത്തനങ്ങളിലും ഇവരുടെ സജീവസാന്നിദ്ധ്യം മാറ്റിനിർത്തപ്പെടാൻ കഴിയാത്തതാണ്. എഞ്ചിനീയറിങ്ങ് ഡിപ്പാർട്ട്മെന്റിൽ വിവിധ മേഖലകളിൽ ഉള്ള തൊഴിൽ വിദഗ്ദ്ധരുടെ സേവന

ങ്ങൾ താഴെ പറയുന്നവയാണ്. പെയിന്റിംഗ്, ആശാരിപ്പണികൾ, അലുമിനിയം ഫാബ്രിക്കേഷൻ, വെൽഡിംഗ്, പ്ലംബിങ്ങ്, മേസ്തിരി വർക്കുകൾ, ജനറൽ വർക്കുകൾ, ഡ്രെയിനേജ് ബ്ലോക്കുകൾ, ഷിഫ്റ്റിങ്ങുകൾ എന്നിങ്ങനെയുള്ള ആശുപത്രിയുടെ എല്ലാ വിധത്തിലുള്ള വർക്കുകളും ബഹു. പോൾ പേരാമംഗലത്ത് അച്ചന്റെ മേൽനോട്ടത്തിൽ നടന്നുപോകുന്നു. ആശുപത്രിയിലെ എല്ലാ മേഖലയിലും ദൈനംദിന പരിപാലനം സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്തുകൊടുക്കുന്നുണ്ട്.



ഇവ കൂടാതെ നിർമ്മാണത്തിനാവശ്യമായ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുകയും ലഭ്യമാക്കുകയും ചെയ്യുന്നു. വിവിധ കോൺട്രാക്റ്റുകൾ, ലൈസൻസ്, സർട്ടിഫിക്കറ്റ് മുതലായവ സമയാസമങ്ങളിൽ പുതുക്കുകയും കരമടയ്ക്കൽ, നികുതിയടയ്ക്കൽ, ലിഫ്റ്റ്, ലൈസൻസുകൾ, ഫയർ, എൻ. ഒ. സി. എന്നിവയും ഇതിൽപെടുന്നു.

എല്ലാ വർഷങ്ങളിലെ പോലെതന്നെ ഈ വർഷവും ജൂബിലിയുടെ പുൽക്കൂട് ഒരുങ്ങി, ജൂബിലി കുടുംബത്തിനെ പ്രതിനിധീകരിക്കുന്ന ദൃശ്യവിരുന്നായിരുന്നു പുൽക്കൂട്. ആശയവും പുൽക്കൂട് നിർമ്മാണവും എൻജിനീയറിങ്ങ് ടീം ഏറ്റെടുത്തപ്പോൾ വർണ്ണവിസ്മയങ്ങൾ ഒരുക്കിക്കൊണ്ട് മെയിന്റനൻസ് ടീം തോൾചേർന്നു. ജൂബിലിയുടെ ഈ അണിയറപ്പടയിൽ അതിഥിതൊഴിലാളികൾ ഉൾപ്പെടെ നാൽപതോളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ജൂബിലി കുടുംബത്തിലെ ദൈനംദിന പ്രവർത്തനങ്ങളിൽ അനിവാര്യ ഘടകമാണിവർ.

**എബിൻ ജോസഫ്**
അസി. എഞ്ചിനീയർ




# സിലബസിൽപെടാത്ത നല്ലപാഠം

ജൂബിലി അഗാപ്പെയുടെ ഭാഗമായി 'സ്നേഹത്തോടെ ആഹാരം വിളമ്പുക' എന്ന ലക്ഷ്യത്തോടെ എല്ലാ ദിവസവും സൗജന്യമായി പാവപ്പെട്ട രോഗികൾക്കായി ജൂബിലി മിഷൻ ആശുപത്രിയിൽ ഭക്ഷണം വിതരണംചെയ്തുവരുന്നു. മലയാള മനോരമയുടെ നല്ലപാഠം പദ്ധതിയുടെ ഭാഗമായി കുരിയച്ചിറ, സെന്റ് പോൾസ് സ്കൂളിലെ കുട്ടികളും അദ്ധ്യാപകരും രോഗികൾക്കായുള്ള സൗജന്യ ഭക്ഷണപൊതികളുമായി ജൂബിലി മിഷനിൽ എത്തുകയും നൂറ്റി അറുപതോളം പൊതിച്ചോറുകൾ ഡിസംബർ 21-ാം തിയ്യതി രോഗികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. സമൂഹത്തിലെ എല്ലാവർക്കും പ്രത്യേകിച്ച് കുട്ടികൾക്ക് സാമൂഹിക പ്രതിബദ്ധതയും മാനുഷിക ബന്ധങ്ങളും പ്രകൃതിസ്നേഹവും വളർത്തിയെടുക്കുക എന്നതാണ് മലയാള മനോരമയുടെ നല്ലപാഠം പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

# Welcome to Jubilee Family

| | |
|---|---|
| Dr. Devanand C B | Small Animal Research |
| Dr. Joseph T Antony | General Medicine |
| Dr. Sruthi Raghunath P J | Pulmonology |
| Dr. Aruna Davis | Mc Physiology |
| Dr. Gopika Rajan | Obstetrics & Gynaecology |
| Dr. Sreekala Radhakrishnan | Emergency Medicine |
| Dr. Aiswarya Pradeep | Mc Pathology |
| Dr. Maria Joseph | General Medicine |
| Dr. Serene Varghese | Mc Microbiology |
| Dr. Syam Prasad T R | Neurosurgery |
| Dr. Feosha Jaison | General Surgery |
| Dr. Anjana Joy | Neurosurgery |
| Dr. Ben Varghese B Nellangara | Nephrology |
| Dr. Sandhesh Joshy | Ayurveda |
| Ms. Jisna Joseph | Central Laboratory |
| Ms. Amritha T T | Accounts |
| Ms. Aiswarya A V | Accounts |
| Ms. Aiwa Avarachan | Mc Pharmacology |
| Mr. Naveen Varghese | Cardiology |
| Mrs. Jisna K P | Insurance Office |
| Ms. Miji Shaji | Radiology |
| Ms. Aiswarya Subodh | Anaesthesia |
| Mrs. Raveena C V | Anaesthesia |

# ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം



**ഡോ. ജോസഫ് ടി. ആന്റണി**

**MBBS, MD** (General Medicine)

**DNB** (General Medicine)

**DM** (Clinical Immunology & Rheumatology)

**MRCP UK** (General Medicine)

**റുമറ്റോളജി വിഭാഗം**



# വീണ്ടും ജീവിതത്തിലേയ്ക്ക്

എന്റെ ഭാര്യ സെപ്റ്റംബർ 4-ാം തിയ്യതി കുന്നംകുളം മലങ്കര ആശുപത്രിയിൽവച്ച് സുഖപ്രസവത്തിലൂടെ ആൺകുഞ്ഞിന് ജന്മം നൽകി. പ്രസവത്തെ തുടർന്നുള്ള അമിത രക്തസ്രാവം നിമിത്തം എന്റെ ഭാര്യയുടെ ഗർഭപാത്രം എടുത്തുമാറ്റി. അതിനെതുടർന്ന് വീണ്ടും രക്തം പോവാൻ തുടങ്ങി. രാത്രിതന്നെ ജൂബിലി മിഷൻ ആശുപത്രിയിലേക്ക് കൊണ്ടുവരികയും ഡോ. അശ്വത്ത് കുമാർ പരിശോധിക്കുകയും ചെയ്തു. പുലർച്ചെ 4 മണിയോടുകൂടി ഓപ്പറേഷൻ പൂർത്തിയാക്കി. ഡോക്ടർ എന്റെ ഭാര്യയുടെ ജീവൻ രക്ഷിച്ചു. ആ രാത്രി ഡോക്ടർ ഉറങ്ങിയതേ ഇല്ലായിരുന്നു. ഡോക്ടറാണ് എന്റെ ഭാര്യയുടെ ജീവിതം തിരിച്ചുതന്നത്. ജൂബിലി മിഷൻ ആശുപത്രിയിലെ എല്ലാ ജീവനക്കാ

JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE
Together,
We are the
Patient Experience !

രോടും ക്രിട്ടിക്കൽ കെയർ ഐ. സി. യു. വിലെ ഡോക്ടർമാർ, നഴ്സുമാർ, പ്രത്യേകിച്ച് ഡോ. അശ്വത്ത്കുമാർ, ഡോ. സെറീന ഗിൽവാസ്, ഡോ. നിത, ഡോ. ബിന്ദു എന്നിവരോടും സെന്റ് ജോസഫ് വാർഡിലെ നഴ്സുമാരായ സി. നവ്യ, സി. അനിത പാപ്പച്ചൻ, ജിന ആന്റണി എന്നിവരോടും എന്റെയും കുടുംബത്തിന്റെയും നന്ദി അറിയിക്കുന്നു.

**രോഗിയുടെ ഭർത്താവ്**



# പ്രഭാതശീലങ്ങൾ

പ്രഭാതത്തിൽ ഉണർന്നെഴുന്നേല്ക്കുക
ജീവിതം ശ്രേഷ്ഠമാക്കുക
ആരോഗ്യം സംരക്ഷിക്കുക
ഊർജ്ജം നിറക്കുക
കാരണം പുലരികൾക്ക് ഈശ്വരചൈതന്യം ശക്തമാണ്.

''പ്രഭാതത്തിൽ ബ്രഹ്മ മുഹൂർത്തത്തിൽ ഉണർന്ന് ശരീരശുദ്ധി വരുത്തി ഈശ്വര പ്രണിധാനത്തിൽ മുഴുകുക. ഈശ്വര ദർശനത്തോടൊപ്പം ജീവിതദർശനവും നിങ്ങൾക്ക് ലഭിക്കും.''

ആയുർവേദശാസ്ത്രത്തിൽ ദിനചര്യയുടെ പ്രാരംഭം ഇങ്ങനെയാണ്.

ചിന്താരഹിതമായ, വിചാരവിമുക്തമായ ഈശ്വരധ്യാനത്തിൽ, ഹൃദയാന്തർഭാഗത്ത് ദീപ്തമായി വസിക്കുന്ന ഈശ്വര കൃപയാൽ നിങ്ങളുടെ ശരീരവും മനസ്സും ആത്മാവും ഒരുപോലെ പരിശുദ്ധമാകും, പവിത്രമാകും, പരിവർത്തനവിധേയമാകും. ഈശ്വരോന്മുഖമായ ജീവിതം പരോന്മുഖമായി ഭവിക്കും. ഇത് നിങ്ങൾക്ക് സ്വാസ്ഥ്യം പ്രദാനം ചെയ്യും. അനുദിന ജീവിതത്തിലെ വ്യത്യസ്ത സാഹചര്യങ്ങളെ വൈവിദ്ധ്യമാർന്ന രീതിയിൽ വിജയകരമായി അതിജീവിക്കാൻ ഈ പ്രഭാത ഊർജ്ജസംഭരണം നിങ്ങൾക്ക് പ്രചോദനമാകും.

ജീവിതായോധനകലക്ക് പരിശീലനം നൽകുന്ന ജീവിതശൈലിയാണ് ക്രമീകൃതമായ വ്യായാമം. പ്രഭാതത്തിലെ ആരോഗ്യകരമായ വ്യായാമം മസ്തിഷ്കത്തിൽ എൻഡോർഫിൻ എന്ന ഹോർമോൺ ഉല്പാദിപ്പിക്കുന്നു. ഉത്സാഹവും ഉന്മേഷവും ഊർജ്ജവും ഉള്ള വ്യക്തിയായി പ്രഭാത സവാരിക്കുശേഷം, അല്ലെങ്കിൽ വ്യായാമനിബന്ധമായ കളികൾക്കുശേഷം തിരിച്ചുവരുന്നതിന്റെ രഹസ്യം ഈ ഹോർമോൺ ഉല്പാദനമാണ്.



മനുഷ്യൻ എന്ന സാമൂഹ്യജീവിയുടെ സന്തോഷവും ആനന്ദവും കുടികൊള്ളുന്നത്, പ്രഭാതത്തിലെ ഈ ഒത്തുചേരലിൽ നടക്കുന്ന പരസ്പര സ്നേഹപ്രകടനവും അംഗീകാരവും ബഹുമാന്യതയും ഞാൻ അപരന്റെയും അപരൻ എന്റെയും അവിഭാജ്യഘടകമാണെന്ന സുരക്ഷിതത്വബോധവുമല്ലെ. ഇത് അനുദിന ജീവിത സംഘർഷം മൂലം ഉളവായിട്ടുള്ള മസ്തിഷ്ക കോശ ശോഷണങ്ങളെ സൗഖ്യമാക്കുന്ന ഡൊപ്പാമിൻ എന്ന ഹോർമോൺ ഉല്പാദിപ്പിക്കുന്നതിന് കാരണമായിത്തീരുന്നു എന്ന് നിങ്ങൾ അറിയുന്നുണ്ടോ. എത്ര മഹത്തായ കാര്യങ്ങളാണ് നമ്മുടെ പ്രഭാത ശീലങ്ങളിൽ അന്തർലീനമായിരിക്കുന്നത്. അതെ, ബ്രഹ്മമുഹൂർത്തത്തിൽ ഉണർന്ന് ഈശ്വരപ്രണിധാനെ ചെയ്ത് നമുക്കും തുടങ്ങാം.

എല്ലാവർക്കും ക്രിസ്തുമസ്സിന്റെ ശാന്തിയും സമാധാനവും പുതുവത്സരത്തിലെ പുത്തൻ പ്രതീക്ഷകളും നേരുന്നു.

**ഡോ. സി. ഡൊണാറ്റ സി. എസ്. സി.**
ചീഫ് കൺസൾട്ടന്റ്, ജൂബിലി ആയുർവേദ മിഷൻ
ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul


Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE